## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 353 — 18.10.2016- ൽ മറുപടിക്ക്

# സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ വരുത്തുന്ന മാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>" ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി. സി.കെ. ആശ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ കാതലായ ചില മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി സഹകരണ ബാങ്കുകളെ നിലവിലെ ത്രിതല ഘടനയിൽ നിന്നും ദ്വിതല ഘടനയിലേക്ക് പരിവർത്തനപ്പെടുത്തുന്നതിനും സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സംഘങ്ങളുടെ/ബാങ്കുകളുടെ ഒരു അപ്പക്സ് സ്ഥാപനമായി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനും അതു വഴി ധനനിക്ഷേപങ്ങളും ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ട് വരുന്നതിനും അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള പലിശ നിരക്കിൽ ഗണ്യമായ കുറവ് സാധ്യമാക്കുക, ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ്വ് നൽകാൻ സാധിക്കത്തക്കവിധം ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുക, പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കി കാർഷിക, പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി വർത്തിക്കുവാൻ സഹകരണ ബാങ്കുകളെ പ്രാപ്തരാക്കുക, ആധുനിക ബാങ്കിംഗ് മേഖലയിലെ എല്ലാ സേവനങ്ങളും, സൗകര്യങ്ങളും, ലഭ്യമാക്കി ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുന്നതിന് പ്രാപ്തരാക്കുക തുടങ്ങി സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ |

കുതിച്ചുചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ നിർണ്ണായക പങ്കു വഹിക്കുവാൻ സാധിക്കത്തക്ക രീതിയിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ബി) സഹകരണ ബാങ്കിംഗ് മേഖലയിൽ റിസർവ് ബാങ്ക് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്നും ആയത് സഹകരണ മേഖലയെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

(ബി) ബാങ്കിംഗ് നിയമഭേദഗതിയിലൂടെ സഹകരണ ബാങ്കുകളുടെ മേൽ റിസർവ്വ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയും വായ്പാ നയത്തിന്റെ ഭാഗമായി സഹകരണ ബാങ്കുകളുടെ സി.ആർ.ആർ (Cash Reserve Ratio)/ എസ്.എൽ.ആർ (Statutory Liquidity Ratio) നിരക്കുകൾ വാണിജ്യ ബാങ്കുകൾക്ക് സമാനമായി മാറ്റുകയും ചെയ്തു. സഹകരണ ബാങ്കുകൾ ധനസഹായ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന എസ്.എൽ.ആർ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്നും സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ 31.03.2017 ൽ 9% മൂലധന പര്യാപ്തതാ അനുപാതം കൈവരിക്കണമെന്നും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിരിക്കുന്നു. RBI ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ, സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാവുന്ന വിവിധതരം വായ്പകളുടെ പരിധി, ഭവന വായ്പാ വിതരണം എന്നിവയിലുള്ള നിയന്ത്രണം, സഹകരണ ബാങ്കുകളുടെ മേൽ ഏർപ്പെടുത്തുന്ന പ്രവർത്തന നിയന്ത്രണം തുടങ്ങിയ രീതിയിൽ സഹകരണ ബാങ്കിംഗ് മേഖലയിൽ റിസർവ്വ് ബാങ്ക് ഇടപെടലുകൾ നടത്തുന്നു.

നിയമപരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ/ എസ്.എൽ.ആർ നിരക്കുകളിലെ വ്യതിയാനം ബാങ്കുകളുടെ വായ്പ നൽകാനുള്ള പണത്തിന്റെ ലഭ്യതയിൽ കുറവു വരുത്തുന്നു. ഇത് ബാങ്കുകളുടെ ലാഭക്ഷമതയെ ബാധിക്കുന്നു. സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്ന നിർദ്ദേശം ധനസഹായ ബാങ്കുകളിലെ നിക്ഷേപത്തെയും വായ്പാ പ്രവർത്തനത്തെയും ബാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**